# കേരള സർക്കാർ

നം.2195/ഡിഎ1/2011/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്,
തിരുവനന്തപുരം, തീയതി 17.01.2011.

## സർക്കുലർ

വിഷയം:-തദ്ദേശസ്വയംഭരണവകുപ്പ് - സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി - 2011-12 എൻറോൾമെന്റ് - സ്മാർട്ട് കാർഡ് വിതരണ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് - സംബന്ധിച്ച്,

സൂചന :-ബഹു:തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ 07.01.2011 - ലെ കത്ത്

സമഗ്ര ആരോഗ്യഇൻഷുറൻസ് പദ്ധതിയുടെ 2011 - 12 വർഷ എൻറോൾമെന്റ് നടപടികളുടെ ഭാഗമായി സ്മാർട്ട് കാർഡ് നൽകേണ്ടതുണ്ട്.10.01.2011-ന് ആരംഭിച്ച് 31.03.2011 - ന് മുമ്പായി തീർക്കാനുദ്ദേശിക്കുന്ന ഈ പരിപാടി തദ്ദേശസ്വയംഭരണസ്ഥാപനാടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും കുടുംബശ്രീ പ്രവർത്തകരുടേയും സജീവ പങ്കാളിത്തം ഇതിലേക്കാവശ്യമാണ്.

(2) സ്മാർട്ട് കാർഡ് നൽകുന്നതിനുള്ള കേന്ദ്രങ്ങൾ നിശ്ചയിക്കുന്നതിനും അവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും എൻറോൾമെന്റ് ടീമംഗങ്ങൾക്ക് അത്യാവശ്യം ലഘുഭക്ഷണം നൽകുന്നതിനുമുള്ള പൂർണ്ണചുമതല അതാതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആയിരിക്കുന്നതും ഇതിനുള്ള ചെലവ് അതാതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നും (തനത് ഫണ്ട്) വഹിക്കേണ്ടതുമാണ്. എൻറോൾമെന്റ് പൂർത്തിയാകുന്ന മുറക്ക് Chaik - ൽ നിന്നും ഇതിനായ ചെലവഴിച്ച തുക റീ-ഇംപേഴ്സ് ചെയ്യുന്നതാണ്. ഒരു സ്മാർട്ട് കാർഡിന് 2 രൂപ എന്നനിരക്കിലായിരിക്കും ഈ തുക നൽകുന്നത്.

(3) മേൽപറഞ്ഞ കാര്യങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പൂർണ്ണപങ്കാളിത്തം അതത് മേലധികാരികളും ഭരണസമിതികളും ഉറപ്പുവരുത്തേണ്ടതാണ്.

ബി.സരസ്വതി അമ്മ,
അഡീഷണൽസെക്രട്ടറി,
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

(ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കേണ്ടതാണ്)

എക്സിക്യൂട്ടീവ് ചെയർമാൻ ആൻറ് ഡയറക്ടർ, ഐ.കെ.എം

ഡയറക്ടർ, കില, തൃശ്ശൂർ

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് , തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ

പ്രിൻസിപ്പൽ അക്കൌണ്ടൻറ് ജനറൽ (ആഡിറ്റ്) കേരള , തിരുവനന്തപുരം

അക്കൌണ്ടൻറ് ജനറൽ (എ & ഇ) കേരള , തിരുവനന്തപുരം

ഓഫീസ് കോപ്പി/ കരുതൽഫയൽ